**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ മന്ത്രിയുടെ ദുരിതാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; സഹായമായി പരമാവധി ലഭിക്കുന്ന തുക എത്രയാണ്; | (എ) | മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തിരം നൽകിവരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000/-രൂപയും, തീപ്പിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/-രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ (t-grants) വഴിയാണ് സമർപ്പിക്കേണ്ടത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അപേക്ഷ ഓൺലൈൻ മുഖേന ആണെങ്കിൽ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തി വ്യക്തമാക്കാമോ; | (ബി) | ചികിത്സാ ധനസഹായം ലഭ്യമാക്കാനായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം |

| | | | |
|---|---|---|---|
| | | | അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നിലവിൽ ഓൺലൈൻ മുഖേന അല്ല. ടി-ഗ്രാൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | നിയമസഭാ സാമാജികർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ ഓൺലൈൻ മുഖേന ആണെങ്കിൽ സമർപ്പിക്കേണ്ട ഔദ്യോഗിക ലോഗിൻ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നിയമസഭാ സാമാജികർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിന് ലോഗിൻ സംവിധാനം നിലവിലില്ല. ബഹു.എം.എൽ.എ മാരുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നേരിട്ട് വകുപ്പ് മന്ത്രിയുടെ ലോഗിനിലേയ്ക്ക് അയയ്ക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2746 13.10.2021 ലെ മറുപടിയ്ക്ക്

**പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ മന്ത്രിയുടെ ദുരിതാശ്വാസ നിധി**

| | ചോദ്യം<br>ശ്രീ. കെ.വി.സുമേഷ് | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ,പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; സഹായമായി പരമാവധി ലഭിക്കുന്ന തുക എത്രയാണ്; | എ) | മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തിരം നൽകിവരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000/-രൂപയും, തീപ്പിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/-രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ (e-grants) വഴിയാണ് സമർപ്പിക്കേണ്ടത്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| ബി) | അപേക്ഷ ഓൺലൈൻ മുഖേന ആണെങ്കിൽ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തി വ്യക്തമാക്കാമോ; | ബി) | ചികിത്സാ ധനസഹായം ലഭ്യമാക്കാനായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ |

| | | | |
|---|---|---|---|
| | | | സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.<br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നിലവിൽ ഓൺലൈൻ മുഖേന അല്ല. ടി-ഗ്രാൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| സി) | നിയമസഭാ സാമാജികർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ ഓൺലൈൻ മുഖേന ആണെങ്കിൽ സമർപ്പിക്കേണ്ട ഔദ്യോഗിക ലോഗിൻ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി) | നിയമസഭാ സാമാജികർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിന് ലോഗിൻ സംവിധാനം നിലവിലില്ല. ബഹു.എം.എൽ.എ മാരുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നേരിട്ട് വകുപ്പ് മന്ത്രിയുടെ ലോഗിനിലേയ്ക്ക് അയയ്ക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### പട്ടികവർഗ്ഗ വിഭാഗം

- ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.
- അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.
- ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.
- മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് ചികിത്സാ സഹായം അനുവദിക്കുന്നു.
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ്മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പട്ടികവർഗ്ഗ വിഭാഗം

- ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.
- അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.
- ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.
- മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് ചികിത്സാ സഹായം അനുവദിക്കുന്നു.
- പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ്മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**